# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2726 | 27.01.2014 -ൽ മറുപടിയ്ക്ക്

## പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ.കെ. വി. വിജയദാസ്<br>ശ്രീ.എം. ഹംസ<br>ശ്രീ.വി. ചെന്താമരാക്ഷൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | എ) 2011-ലെ കേരള പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ 24.02.2011-ൽ നിയമസഭ പാസ്സാക്കിയിട്ടുള്ളതും ബഹു: രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിയ്ക്കുമായി 29.03.2011-ൽ ബഹു:ഗവർണർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചു കൊടുത്തിട്ടുള്ളതും കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാരിന്റെ വിശദീകരണം കേന്ദ്രത്തിന് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. ബിൽ ഇപ്പോൾ ബഹു:രാഷ്ട്രപതിയുടെ അനുമതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിലവിലുണ്ട്. |
| ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിശദീകരണങ്ങളും, അവയ്ക്കു നൽകിയ മറുപടിയും അറിയിക്കുമോ; അവയുടെ പകർപ്പ് ലഭ്യമാക്കുമോ; | ബി) പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാരിന്റെ വിശദീകരണം 17.11.2011-ലെ 14227/ലെഗ്.എഫ്.2/11/നിയമം, 03.07.2012-ലെ 10388/ലെഗ്.എഫ്2/2012/നിയമം എന്നി നമ്പർ കത്തുകൾ മുഖേനയും |

ഏറ്റവുമൊടുവിൽ 24.12.2013-ൽ ബഹു:ഗവർണറുടെ ഓഫീസിലേയ്ക്ക് അയച്ചിട്ടുള്ളതും ബഹു:ഗവർണറുടെ ഓഫീസിൽ നിന്നും സംസ്ഥാന സർക്കാരിന്റെ വിശദീകരണം കേന്ദ്രത്തിന് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. ഇത്തരം കേസുകൾ കൈകാര്യം ചെയ്യാൻ ദേശീയ ഹരിത ട്രൈബ്യൂണൽ പര്യാപ്തമാണെന്നാണ് കേന്ദ്രമന്ത്രാലയങ്ങളുടെ പ്രധാന നിലപാട്. എന്നാൽ പ്രത്യേക ട്രൈബ്യൂണൽ രൂപീകരിച്ചാലെ പെരുമാട്ടിയിലും പട്ടാഞ്ചേരിയിലും സമീപ പഞ്ചായത്തുകളിലും ഉള്ള ആളുകൾക്കും വസ്തുവകകൾക്കും ഉണ്ടായ നാശനഷ്ടം പരിഹരിക്കാൻ കഴിയൂ എന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. പ്ലാച്ചിമട കൊക്കകോള ഫാക്ടറിയിലെ പ്രശ്നങ്ങളുടെ തുടക്കം 2000-ത്തിലാണെന്നിരിക്കെ 2010-ൽ രൂപീകൃതമായ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വ്യവസ്ഥകൾക്ക് വിധേയമായി നടപടി സ്വീകരിക്കാൻ സാദ്ധ്യമല്ല. ഇത്തരത്തിൽ വിവിധ മന്ത്രാലയങ്ങളുടെ നിലപാടുകൾക്കുള്ള വ്യക്തമായ വിശദീകരണങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. വിശദീകരണങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സി) ബില്ലിന് അംഗീകാരം ലഭിക്കുന്നതിനു നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

സി) ബില്ലിലെ ചില വ്യവസ്ഥകൾ 1986-ലെ എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്ട്, 1981-ലെ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട്, 2010-ലെ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ആക്ട് എന്നിവയ്ക്ക് വിരുദ്ധമാണ് തുടങ്ങിയ കേന്ദ്ര മന്ത്രാലയങ്ങളുടെ നിരീക്ഷണങ്ങളാണ് പ്രസ്തുത ബില്ലിന് അംഗീകാരം ലഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ.

സെക്ഷൻ ഓഫീസർ

രനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്